**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2543** **15-10-2024 - ൽ മറുപടിയ്ക്ക്**

**സബ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈക്കം മണ്ഡലത്തിലെ ബ്രഹ്മമംഗലം, ഉദയനാപുരം എന്നിവിടങ്ങളിലെ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) | പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണം നിലവിൽ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | വൈക്കം മണ്ഡലത്തിലെ ബ്രഹ്മമംഗലത്ത് 5 MVA 33/11 കെ.വി. കപ്പാസിറ്റിയിൽ ഒരു യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ ആർ.ഡി.എസ്.എസ്. ഫേസ് 2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഉദയനാപുരത്തിന് അടുത്ത് സ്ഥിതി ചെയ്യുന്ന ചെമ്പ് ഭാഗത്ത് 2x5 MVA 33/11 കെ.വി കപ്പാസിറ്റിയിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സാങ്കേതിക പഠനം നടത്തിയിട്ടുണ്ട്. മാറിയ ലോഡ് സാഹചര്യം പരിഗണിച്ചും, പ്രദേശത്ത് പ്രസരണ മേഖലയിൽ ഇതിനകം ആസൂത്രണം ചെയ്തിട്ടുള്ള മറ്റ് പ്രവൃത്തികൾ കണക്കിലെടുത്തും പ്രസ്തുത സബ്സ്റ്റേഷന്റെ പുതിയ സാങ്കേതിക പഠനം നടത്തി തീരുമാനമെടുക്കുന്നതാണ് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ